**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6034** **09-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് ഓഫീസ് ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഓഫീസ്എത്ര കാലമായി പ്രവർത്തിക്കുന്നുണ്ടെന്നും ഓഫീസ് മേധാവിയടക്കം എത്ര തസ്തികകളാണുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | മൈനിങ് & ജിയോളജി വകുപ്പ് കാസർഗോഡ് ജില്ലാ ആഫീസ് 1987 മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്. ആഫീസ് മേധാവിയടക്കം 10 തസ്തികകൾ നിലവിലുണ്ട്. |
| (സി) | ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കാലമായി ഈ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്നും എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് ജില്ലാ ആഫീസിൽ നിലവിൽ അസിസ്റ്റന്റ് ജിയോളജിസ്റ്റ് സ്ഥലം മാറിപോയതിനെ തുടർന്ന് 6-6-2023 മുതൽ ഒരു അസിസ്റ്റന്റ് ജിയോളജിസ്റ്റിന്റെ ഒഴിവുണ്ട്. വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റുമാരുടെ എല്ലാ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ഭിന്നശേഷിവിഭാഗത്തിന് (DA-HI) നീക്കി വച്ച ഒരു ഒഴിവിലേക്ക് നിയമനം നൽകുവാൻ അർഹരായ ഉദ്യോഗാർത്ഥി റാങ്ക് ലിസ്റ്റിൽ ഇല്ലാത്തതിനാലും WP(C) 23204/2020 നമ്പർ കേസിന്മേൽ ബഹു. കോടതിയുടെ അന്തിമ തീരുമാനം വരാത്തതിനാലും വകുപ്പിലെ രണ്ട് ഒഴിവുകളിലേയ്ക്ക് പി.എസ്.സി യിൽ നിന്നും നിയമന ശുപാർശ ലഭിച്ചിട്ടില്ല. 6-6-2023 പ്രാബല്യം ഉണ്ടായ ഈ ഒഴിവിലേയ്ക്ക് പി.എസ്.സി യിൽ നിന്നും നിയമന ശുപാർശ നൽകുന്ന മുറയ്ക്ക് കാസർഗോഡ് ജില്ലാ ആഫീസിലേയ്ക്ക് നിയമനം നൽകുന്നതാണ്. |
| (ഡി) | തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ അതുമൂലം സേവനം ലഭിക്കേണ്ടവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പ്രസ്തുത ഓഫീസിൽ നിലവിൽ തീർപ്പാകാതെ എത്ര ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയലുകളാണെന്നും | (ഇ) | കാസർഗോഡ് ജില്ലാ ആഫീസിൽ തിർപ്പാക്കാനുള്ളതായി 385 ഓളം ഫയലുകളുണ്ട്. അതിൽ അനധികൃത ഖനനത്തിന് നടപടി സ്വീകരിച്ചുവരുന്ന ഫയലുകൾ, വിവിധ ധാതുക്കളുടെ |

| | | | |
|---|---|---|---|
| | കാലവിളംബത്തിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ; | | ഖനനാനുമതി അപേക്ഷകൾ, വില്പനാനുമതി അപേക്ഷകൾ, കെട്ടിട നിർമ്മാണ ആവശ്യത്തിനായി മണ്ണ് നീക്കം ചെയ്യാനുള്ള അപേക്ഷകൾ മുതലായവ കൈകാര്യം ചെയ്യുന്ന ഫയലുകൾ എന്നിവ ഉൾപ്പെടുന്നു. അപേക്ഷകളിൽ സ്ഥലപരിശോധനകൾ നടത്തി ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (എഫ്) | സേവനാവകാശ നിയമം അനുസരിച്ച് ഓഫീസിൽ എത്തുന്ന ഫയലുകൾക്ക് തീർപ്പ് കൽപ്പിക്കേണ്ട സമയപരിധി എത്രയാണെന്ന് വിഷയം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത ഓഫീസിൽ എത്തുന്നവർക്ക് ഇതനുസരിച്ച് സേവനം നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇപ്പോൾ കഴിയുന്നുണ്ടോ; വിശദാംശം നൽകുമോ? | (എഫ്) | സേവനാവകാശ നിയമമനുസരിച്ച് ജില്ലാ ആഫീസിലെ ഫയലുകൾ തീർപ്പ് കല്പിക്കേണ്ട സമയപരിധി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ക്വാറിയിങ് പെർമിറ്റ് (ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ലാറ്ററൈറ്റ് ബിൽഡിങ് സ്റ്റോൺ, സാധാരണ കളിമണ്ണ്, മണൽ, സാധാരണ മണ്ണ് ചെറുകിട ധാതുക്കൾ സ്റ്റോക്ക് ചെയ്തു വിൽപന നടത്തുന്നതിനുള്ള ഡീലേഴ്സ് ലൈസൻസ് - 90 ദിവസം.<br><br>എല്ലാ രേഖകളും സഹിതം അപാകതകൾ ഇല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ